# ജി. യു. പി. സ്കൂൾ നീർച്ചാൽ

## അക്കാദമിക മാസ്റ്റർ പ്ലാൻ

2025- 2026

## അടിസ്ഥാന വിവരങ്ങൾ.

സ്കൂളിന്റെ പേര് : ജി. യു. പി. എസ്. നീർച്ചാൽ.

വിലാസം : കണ്ണൂർ സിറ്റി (പി.ഒ)
കണ്ണൂർ സിറ്റി - 670003

അധ്യയനം നടത്തുന്ന
ക്ലാസുകൾ : LKG, UKG, 1 മുതൽ 7 വരെ.

ഭരണവിഭാഗം : സർക്കാർ.

പഠനമാധ്യമം : മലയാളം ഇംഗ്ലീഷ്.

പ്രധാന അധ്യാപകൻ : ശോഭ. കെ.

ഫോൺ നമ്പർ : 9447913347

### മറ്റുവിവരങ്ങൾ.

ഉപജില്ല : കണ്ണൂർ നോർത്ത്.

വിദ്യാഭ്യാസ ജില്ല : കണ്ണൂർ.

ബി. ആർ. സി : കണ്ണൂർ നോർത്ത്

സി. ആർ. സി : ഗവ. എൽ. പി. സ്കൂൾ തായത്തെരു

പ്രാദേശിക ഭരണകൂടം : കണ്ണൂർ കോർപ്പറേഷൻ

വാർഡ് : നീർച്ചാൽ വെസ്റ്റ്

ബ്ലോക്ക് : കണ്ണൂർ

നിയമസഭാ മണ്ഡലം : കണ്ണൂർ

# സ്ഥിതിവിവരക്കണക്ക്.

സ്കൂൾ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം.

കെട്ടിടങ്ങളുടെ എണ്ണം : 3
സ്മാർട്ട് ക്ലാസ് മുറികൾ : 2
ആകെ ക്ലാസ് മുറികൾ : 11
ടോയ്‌ലറ്റുകൾ : 8
പെൺ : 51
ആൺ : 57

അധ്യാപക - അനധ്യാപകരുടെ വിവരം.

PD. ടീച്ചർ : 5
LPST : 2
അറബിക് : 1
ഹിന്ദി : 1
OA : 1

## കുട്ടികളുടെ എണ്ണം.

| വർഷം. | ആൺ | പെൺ | ആകെ. |
|---|---|---|---|
| 2025-26 | 57 | 51 | 108 |

ഉള്ളടക്കം.

ആമുഖം.

പൊതുലക്ഷ്യം

വിദ്യാലയ ചരിത്രം

അവസ്ഥാ വിശകലനം

പ്രവർത്തനം ഒറ്റനോട്ടത്തിൽ

പദ്ധതി വിശദാംശങ്ങൾ.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി പ്രവർത്തനങ്ങൾ

പ്രതീക്ഷിത നേട്ടങ്ങൾ

മോണിറ്ററിംഗ്

ഉപസംഹാരം.

ആമുഖം.

ഒരു വിദ്യാഭ്യാസ സ്ഥാപനത്തിലെ അക്കാദമിക പ്രവർത്തനങ്ങൾക്ക് ദിശ നിർദേശിക്കുന്ന സമഗ്രമായ രേഖയാണ് അക്കാദമിക മാസ്റ്റർപ്ലാൻ. കാലഘട്ടത്തിന് അനുയോജ്യമായ പ്രവർത്തനാസൂത്രണങ്ങൾ നടത്തുക എന്നത് ഏറ്റവും പ്രാധാന്യം അർഹിക്കുന്ന കാര്യമാണ്. വിദ്യാഭ്യാസത്തിന്റെ സമഗ്രമായ ഗുണമേന്മ വർധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് ഈ വർഷം കൂടുതൽ പ്രാധാന്യം നൽകുന്നു. ആ ലക്ഷ്യങ്ങൾ കൈവരിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഞങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രവർത്തനങ്ങൾ അതിന്റെ പൂർണമായ ഫലപ്രാപ്തിയിൽ എത്തുന്ന തരത്തിലാണ് എല്ലാ ഘടകങ്ങളുടെയും ആസൂത്രണം.

## പൊതുലക്ഷ്യങ്ങൾ

* ഓരോ കുട്ടിയും നേടേണ്ട അക്കാദമിക ശേഷികൾ നേടാനുള്ള സാഹചര്യം ഒരുക്കുക.
* കുട്ടികളുടെ വ്യക്തിത്വ വികാസനത്തിനും സാമൂഹിക പുരോഗതിക്കുമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* സമഗ്ര ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി പ്രവർത്തനങ്ങളുടെ ശരിയായ ആസൂത്രണം നടത്തുക.
* കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുക.
* പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി പിന്തുണ പ്രവർത്തനങ്ങൾ നൽകുക.
* പഠനത്തിന് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുക.

★ മാലിന്യമുക്ത വിദ്യാലയം ഹരിതപെരുമാറ്റ ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജ്ജനം തുടങ്ങിയ കൃത്യമായി നടപ്പാക്കൽ.

★ ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

★ വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

★ പോക്സോ സംബന്ധമായ ബോധവൽക്കരണം.

★ രാസലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്ക് എതിരെ മുൻകരുതലുകൾ.

## വിദ്യാലയ ചരിത്രം

കണ്ണൂർ ജില്ലയിലെ കടലോര പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ശതാബ്ദി പിന്നിട്ട ഒരു സർക്കാർ വിദ്യാലയമാണ് നീർച്ചാൽ ഗവ. യു.പി. സ്കൂൾ. സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ഏറ്റെടുത്തുകൊണ്ട് നമ്മുടെ വിദ്യാലയത്തിലെ നിലവിലെ കുറവുകൾ കണ്ടെത്തി പരിഹരിച്ച് ജില്ലയിലെ മികച്ച നിലവാരമുള്ള വിദ്യാലയമാക്കി മാറ്റുന്നതിനുള്ള ശ്രമകരമായ പ്രവർത്തനം ഞങ്ങൾ ഏറ്റെടുത്തിരിക്കുകയാണ്.

1912ൽ സ്ഥാപിതമായ ഈ വിദ്യാലയം 71 സെന്റ് സ്ഥലത്ത് മൂന്ന് ബ്ലോക്കുകളിലായി സ്ഥിതി ചെയ്യുന്നു. ആദ്യകാലങ്ങളിൽ ഭക്ഷണവും വസ്ത്രവും സൗജന്യമായി നൽകിയാണ് കുട്ടികളെ ഈ വിദ്യാലയത്തിൽ എത്തിച്ചിരുന്നത്. തുടർന്നങ്ങോട്ട് വളർച്ചയുടെ പടവുകൾ കയറിയ ഈ വിദ്യാലയത്തിൽ വർഷംതോറും ആയിരത്തോളം കുട്ടികൾ പഠിച്ച കാലഘട്ടമുണ്ടായിരുന്നു. എന്നാൽ പിന്നീട് കുട്ടികളുടെ എണ്ണം ഗണ്യമായി കുറയാൻ തുടങ്ങിയപ്പോൾ വിദ്യാലയ സംരക്ഷണ സമിതി രൂപീകരിച്ച് പ്രീപ്രൈമറി ക്ലാസുകൾ ആരംഭിച്ച് ഒന്നാം ക്ലാസിലേക്കുള്ള കുട്ടികളുടെ അഡ്മിഷൻ വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

# അവസ്ഥാ വിശകലനം.

നേട്ടങ്ങൾ.

- ആധുനിക സൗകര്യങ്ങളോട് കൂടിയ മികച്ച കെട്ടിടങ്ങൾ
- വിവിധ സ്കോളർഷിപ്പുകൾക്ക് ചിട്ടയായ പഠനം.
- ശിശു സൗഹൃദ വിദ്യാലയ അന്തരീക്ഷം.
- പിന്നോക്കക്കാർക്ക് പ്രത്യേക പരിശീലനം.
- മത്സരപരീക്ഷകളിലും കലാകായിക പ്രവൃത്തി
  പരിചയ ഐടി മേളയിൽ മികച്ച വിജയം.
- വാഹന സൗകര്യം.
- കളിക്കാൻ വിശാലമായ പാർക്ക്.
- ആവശ്യത്തിന് കുടിവെള്ള സ്രോതസ്സുകൾ

നേട്ടങ്ങൾ

* അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവാർന്ന അധ്യാപക കൂട്ടം.
* പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് "അക്ഷരത്തെളിച്ചം" എന്ന പ്രത്യേക പിന്തുണാ പ്രവർത്തനം.
* പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്.
* സർഗ്ഗാത്മക വേദികൾ, ആശയ പ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.
* പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പിലാക്കുന്നു.
*

## പരിമിതികൾ

★ മേൽ വിവരിച്ച മികവുകളോടൊപ്പം ധാരാളം പരിമിതികളും ഞങ്ങൾ നേരിടുന്നുണ്ട്. കുട്ടികളുടെ IT പരിശീലനത്തിന് സ്മാർട്ട് ക്ലാസ്മുറികളും കമ്പ്യൂട്ടറുകളും ലാപ്ടോപ്പുകളും പ്രൊജക്ടറുകളും നമുക്കാവശ്യമുണ്ട്.

★ കലാ - കായിക രംഗങ്ങളിൽ കഴിവുള്ള കുട്ടികൾ ഉണ്ടെങ്കിലും പരിശീലനം നേടുന്നതിന് ഭൗതിക സൗകര്യങ്ങളോ കായികാധ്യാപകനോ നമുക്കില്ല.

★ കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്താനും ശാസ്ത്രീയരംഗങ്ങളിൽ നേട്ടം കൈവരിക്കാനുമുള്ള പരിശീലനം നൽകാനായി മെച്ചപ്പെട്ട ലാബ് സൗകര്യം ലഭിക്കേണ്ടതുണ്ട്.

★ നല്ല വായനാശീലം പരിപോഷിപ്പിക്കാനും വിവിധ ഭാഷകളിൽ നൈപുണ്യം കൈവരിക്കാനുമുള്ള പ്രവർത്തനങ്ങൾക്കായി ലൈബ്രറി ഹാൾ ഇല്ലാത്തത് നമ്മുടെ പോരായ്മയാണ്.

★ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പഠന പിന്തുണ നൽകുന്ന പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും ഇനിയും മെച്ചപ്പെടേണ്ടതുണ്ട്.

സമഗ്രഗുണമേന്മ - പദ്ധതി - വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

ഒറ്റനോട്ടത്തിൽ.

- ലഹരി ഉപയോഗം തടയുന്നതിന്
- സുരക്ഷിതയാത്ര
- പച്ചക്കറി ഉത്പാദനം.
- ശുചിത്വം.
- ഡിജിറ്റൽ അച്ചടക്കം. ഇന്റർനെറ്റ് ബോധവൽക്കരണം.
- പൊതുആരോഗ്യം
- വ്യായാമം.

# സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | നാസ്തികാം. |
|---|---|---|---|---|
| കുട്ടികളിലെ ലഹരി ഉപയോഗം തടയുക. | ബോധവത്ക്കരണ ക്ലാസ്. വിഡിയോ പ്രദർശനം സ്കിറ്റ് അവതരണം. പോസ്റ്റർ നിർമ്മാണം | ജൂൺ - മാർച്ച് | ആരോഗ്യ ക്ലബ്ബ് ക്ലാസ് ടീച്ചേർസ് | PTA. |
| റോഡ് സുരക്ഷ ഉറപ്പാക്കുക. | ബോധവത്ക്കരണ ക്ലാസ് വീഡിയോ പ്രദർശനം പോസ്റ്റർ നിർമ്മാണം. | ജൂൺ - ജൂലൈ | ക്ലാസ് അധ്യാപകർ. | |
| പച്ചക്കറി ഉത്പാദനം | സ്കൂൾ പരിസരത്ത് പച്ചക്കറി തോട്ടം തയ്യാറാക്കുക. | ജൂൺ - ജനുവരി. | അധ്യാപകർ | SMC. |
| വ്യക്തിശുചിത്വം പരിസരശുചിത്വം എന്നിവ ഉറപ്പാക്കുക. | ലോകപരിസ്ഥിതിദിനവുമായി ബന്ധപ്പെടുത്തി ശുചിത്വം ഉറപ്പാക്കുക. ദിവസേന ശുചീകരണ പ്രവർത്തനങ്ങൾ. | ജൂൺ - മാർച്ച് | എല്ലാ അധ്യാപകരും. | PTA. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഡിജിറ്റൽ അച്ചടക്കം ഉറപ്പുവരുത്തുക. | ബോധവത്ക്കരണ ക്ലാസ്സ് രക്ഷിതാക്കൾക്കും കുട്ടികൾക്കും. | ജൂൺ - ജൂലൈ | H.M. | PTA. |
| പൊതു ആരോഗ്യം ഉറപ്പുവരുത്തുക. | വ്യായാമ പ്രവർത്തനങ്ങൾ നൽകുക പോഷക ഭക്ഷണം ഉറപ്പുവരുത്തുക. | ജൂൺ - മാർച്ച് | അധ്യാപകർ | PTA. |

## പ്രവർത്തനം ഒറ്റ നോട്ടത്തിൽ.

| അക്കാദമികം | ഭൗതികം | സാമൂഹികം. |
| --- | --- | --- |
| • ഭാഷാ ശേഷികൾ മെച്ച-പ്പെടുത്തൽ | • ലാബ് നവീകരണം. | • സ്കൂൾ ജാഗ്രതാ സമിതി പ്രവർത്തന ശാക്തീകരണം. |
| • ഗണിത ശേഷി വികാസം. | | • തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം. |
| • ശാസ്ത്രാവബോധം സൃഷ്ടിക്കൽ | | • വിദ്യാലയ മികവുകൾ ബ്ലോഗ് വഴി സമൂഹവുമായി പങ്കിടൽ. |
| • ദിനാചരണങ്ങൾ | | • വിഭവ ഭൂപട നിർമ്മാണം. |
| • IT പരിശീലനം. | | • കായിക ഇനങ്ങളുടെ പരിശീലനം. |
| • കലാ- കായിക മേളകൾ | | |
| • സ്കൂൾ ബ്ലോഗ് നിർമ്മാണം. | | |
| • വിവിധ ലാബ് അടിസ്ഥാന പ്രവർത്തനങ്ങൾ. | | |

## പ്രതീക്ഷിത നേട്ടങ്ങൾ

- മുഴുവൻ കുട്ടികൾക്കും അതാത് ക്ലാസുകളിൽ നേടേണ്ട പഠനം കൈവരിക്കാൻ കഴിയുന്നു.
- മികവാർന്ന പഠന അന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കി കൊടുക്കാൻ സാധിക്കുന്നു.
- ഭിന്നശേഷിക്കാർ ഉൾപ്പെടെ എല്ലാ കുട്ടികൾക്കും അടിസ്ഥാന ശേഷി നേടാൻ സാധിക്കുന്നു.
- മാതൃഭാഷയുടെ പ്രാധാന്യം ഉൾക്കൊള്ളുന്നു.
- വായന മെച്ചപ്പെടുന്നു.
- ശുചിത്വ പൂർണ്ണമായ സ്കൂൾ അന്തരീക്ഷം.
- കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസം.
- എല്ലാ ഭാഷകളിലും (മലയാളം, ഇംഗ്ലീഷ്, ഹിന്ദി, അറബിക്) അടിസ്ഥാന ശേഷി നേടുന്നു.
- സമൂഹവുമായി കൂടുതൽ അടുക്കുന്നു.

# മോണിറ്ററിംഗ്.

- AEO തലം.
- H.M. തലം.
- SRG വിലയിരുത്തൽ
- അധ്യാപക മോണിറ്ററിംഗ്.

പദ്ധതി വിശദാംശങ്ങൾ.

മലയാളം എൽ.പി. വിഭാഗം.

അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശൈലി വികസനം ശിശുവികസനം. | ഭാഷാ കളരി<br>വായന, പാട്ട്, കഥ ......<br>ഉത്സവങ്ങൾ സംഘടിപ്പിക്കൽ.<br>1. വായനോത്സവം<br>2. സംഖ്യക്കനയറി<br>3. പാട്ടരങ്ങ്<br>4. നിർമ്മാണ ശില്പശാല<br>5. രചനോത്സവം<br>6. റിഡേഴ്സ് തിയേറ്റർ. | ജൂൺ - ഫെബ്രുവരി | ക്ലാസ് ടീച്ചർ<br>SRG<br>SMC | SMC<br>PTA |
| കവിതകളുടെ ഈണം തിരിച്ചറിഞ്ഞ് ഭാവാത്മകമായി അവതരിപ്പിക്കുന്നത് ശേഷി നേടുന്നു. | കാവ്യോത്സവം, പാട്ടരങ്ങ്, വ്യത്യസ്ത വായ്ത്താരികളും സമാന കവിതകളും ശേഖരിച്ച് ഈണത്തിൽ അവതരിപ്പിക്കുന്നു. | ജൂലൈ - മാർച്ച് | മലയാളം അധ്യാപകർ<br>ക്ലാസ് അധ്യാപകർ | SMC<br>SMC. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മക രചന പരിപോഷിപ്പിക്കൽ. | കാവ്യകേളികളിൽ പങ്കെടുപ്പിക്കുന്നു. സർഗാത്മക ഡയറി. റീഡേഴ്സ് തിയേറ്റർ. | ജൂൺ-മാർച്ച് | ക്ലാസ് അധ്യാപകർ. | SMC |
| വായന പരിപോഷിപ്പിക്കൽ | പുസ്തകങ്ങൾ പരിചയപ്പെടൽ (വിവിധ വഴികളിലൂടെ). | ജൂൺ-മാർച്ച് | | SMC. |
| രചനപരിചയം | | | | |

# LP ENGLISH

| AIM | ACTIVITIES | DURATION | CHARGE | ECONOMIC ANALYSIS |
|---|---|---|---|---|
| • All Should under-Stand English through listening activities. | Story, Song, games Skits | 1 Year | Class Teaches | |
| All Should speak, read and write English | Card making English corner<br>Blooms (workshop)<br>Digitask.<br>English tab. | 1 Year. | PTA. | |
| * Provide english reading cards/ books to all students | To improve reading ability of learner | 1 year | Teacher | |
| * Spelling contests<br>Make simple sentences using action words | To improve vocabulary<br>To improve writing ability of learner | | | |

## LP. പരിസരപഠനം.

| ലക്ഷ്യങ്ങൾ. | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ. | ശാസ്ത്രപഠനത്തിന് ആവശ്യമായ സമഗ്രികൾ ഒരുക്കൽ. പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | ഒരു വർഷം | SRG ക്ലാസ് ടീച്ചേഴ്സ്. | PTA |
| ശാസ്ത്രപഠനത്തിൽ ഉള്ള താത്പര്യം ജനിപ്പിക്കൽ. അന്വേഷണത്വര വളർത്തൽ. | ശാസ്ത്രപരീക്ഷണങ്ങൾ വാനനിരീക്ഷണം എന്നിവയുടെ വീഡിയോ പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം. | SRG CPTA. ക്ലാസ്സ് ടീച്ചേഴ്സ്. | |
| പക്ഷികളുടെ പ്രത്യേകതകൾ തിരിച്ചറിയുന്നു. നിരീക്ഷണ പരീക്ഷങ്ങൾ പെരുപ്പെടൽ. | പ്രകൃതി നടത്തം, തൂവൽ ശേഖരണം വിദഗ്ദ്ധരുടെ ക്ലാസ്സ്. | ഒരു മാസം | ക്ലാസ് ടീച്ചേഴ്സ്. | |

## LP ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികളിലും ഉറപ്പാക്കുക. | സങ്കലനം വ്യവകലനം ഗുണനം ഹരണം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കണ്ടെത്തി നിർധാരണം ചെയ്യുന്നു. | 1 വർഷം | അധ്യാപകർ | |
| സംഖ്യാബോധം ഉറപ്പിക്കുക | സ്ഥാനവില പോക്കറ്റ്. | ജൂൺ-ആഗസ്റ്റ് | അധ്യാപകർ | |
| ഗണിതവുമായി ബന്ധപ്പെട്ട നിത്യജീവിത പ്രശ്നങ്ങൾ പരിഹരിക്കുക. | ചതുഷ്ക്രിയകൾ അടങ്ങിയ പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. സമയം, ദൂരം, അളവ്, കലണ്ടർ... | 1 വർഷം | അധ്യാപകർ | |

## U.P. മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| മാതൃഭാഷാസ്നേഹം വളർത്തുക. | പതിപ്പ് നിർമ്മാണം (കടങ്കഥ പഴഞ്ചൊല്ല്, പ്രയോഗങ്ങൾ / ശൈലികൾ മലയാള സാഹിത്യകാരന്മാർ, കവിതകൾ | 1 വർഷം | മലയാളം അധ്യാപകർ | PTA. |
| ഭാഷാ വികസനശേഷി പരിപോഷിപ്പിക്കുക (വായന) | വായനാ-മത്സരം ഓഡിയോ കേൾപ്പിക്കാൻ ലൈബ്രറി ഉപയോഗം. | 1 വർഷം | എല്ലാ മലയാളം അധ്യാപകർ. | SMC |
| സർഗാത്മ രചന പരിപോഷിപ്പിക്കുക. | കഥ കവിത രചനകൾ നടത്തുക പലതരം വ്യവഹാരരൂപങ്ങൾ നിർമ്മിക്കുക. | 1 വർഷം. | മലയാളം അധ്യാപകർ | |

# UP ENGLISH.

| AIM. | Activities | Duration | Charge | Economic Analysis |
|---|---|---|---|---|
| Develop the Skills of children for listening Speaking reading and writing | Chance to create a line<br>News reading<br>Use of library. | 1 year | All English teachers | SSK |
| Creative writing | Poem story writing Magazines Production. | 1 year. | | SSK |
| Improving insufficient Vocabulary | word games ICT making, cross word puzzles Dictionary making | 1 year. | | SSK. |

# U.P. ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ★ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുക. | ഗണിത ക്ലിനിക് ഗുണനങ്ങളി<br>ഗണിത ശില്പശാല | 8 മാസം | ഗണിതാധ്യാപകർ. | SMC<br>SSK |
| ★ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ പുതിയ പഠനത്തിനായി ഉപയോഗിക്കുന്നു. | ICT സാധ്യതകൾ ഉൾപ്പെടുത്തിക്കൊണ്ട് ജ്യാമിതിയ രൂപങ്ങൾ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ | 1 വർഷം | ഗണിതാധ്യാപകർ | SSK. |
| ★ അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലേക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപഴകാൻ സഹായകരമായ വിധത്തിൽ ഗണിത ലാബ് സജ്ജീകരിക്കൽ | 1 വർഷം | ഗണിതാധ്യാപകർ | SMC |
| ★ അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിച്ചെന്ന് ഉറപ്പാക്കൽ | മുഴുവൻ ക്ലാസിലും ഗണിതമൂല സജ്ജീകരിക്കൽ | ജൂൺ | ഗണിതാധ്യാപകർ | |

## U.P. അടിസ്ഥാന ശാസ്ത്രം.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന പഠനലക്ഷ്യങ്ങൾ നേടാൻ കുട്ടികളെ പ്രാപ്തരാക്കുക. | പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ഉള്ള പഠനം. ഓരോ പാഠത്തിന്റെയും വർക്ക്ഷീറ്റുകൾ യൂണിറ്റ് ടെസ്റ്റ് നിരന്തര മൂല്യനിർണയത്തിന് ആവശ്യമായ ടൂളുകൾ തയ്യാറാക്കുന്നു. ശാസ്ത്ര കിറ്റുകൾ തയ്യാറാക്കുന്നു. | | | |
| * ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക. | ലാബ് ശാക്തീകരണം വിഭവശേഖരണം ശാസ്ത്രകോർണർ, ശാസ്ത്രോത്സവം. | 1 year. | | സയൻസ് ക്ലബ്ബ് |
| * നൂതനാശയങ്ങൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവ ഉപയോഗിച്ച് ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലെത്തിക്കുന്നു. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ വീഡിയോ പ്രദർശനത്തിലൂടെ എത്തിക്കുന്നു. | 1 year | ശാസ്ത്രാധ്യാപകർ | SMC Science club |
| * ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. | | | |

## സാമൂഹ്യശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| സ്വന്തം പ്രദേശത്തെക്കുറിച്ച് ധാരണ നേടൽ. | പ്രാദേശിക ഭൂപടം തയ്യാറാക്കൽ ഡിജിറ്റൽ ഭൂപടം ഉപയോഗിക്കൽ ക്ലാസുകളിൽ വാർഡ് പഞ്ചായത്ത് ജില്ലാ ഭൂപടങ്ങൾ വരക്കുക. | ജൂൺ-ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| പഴയകാല ഉപകരണങ്ങളെക്കുറിച്ച് ധാരണ നേടൽ | പഴയകാല ഉപകരണങ്ങളുടെ വീഡിയോ പ്രദർശനം. പഴയകാല വ്യക്തികളുമായി അഭിമുഖം. ചരിത്ര പ്രധാന സ്ഥലങ്ങൾ സന്ദർശനം. | 1 മാസം. | ,, | |
| പ്രാദേശിക ചിത്രരചന | പുസ്തകങ്ങൾ ശേഖരിക്കൽ | 1 മാസം | ,, | |
| ചരിത്രപ്രധാന ദിനങ്ങളെക്കുറിച്ചും ആഘോഷങ്ങളെക്കുറിച്ചും ബോധവാന്മാരാക്കുക. | ദിനാചരണങ്ങൾ സംഘടിപ്പിക്കുക ആഘോഷങ്ങൾ ജനകീയമായി സംഘടിപ്പിക്കുക. വീഡിയോ പ്രദർശനങ്ങൾ | 1 വർഷം | ,, | |

| ഹിന്ദി. | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | |
| യു.പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | അക്ഷരം എഴുത്ത്.<br>ചിഹ്നം ഉറപ്പിക്കൽ<br>അക്ഷര കാർഡ് / പദ കാർഡ്<br>അക്ഷരമാല പ്രദർശനം.<br>പദ നിർമ്മാണം<br>വാക്യ നിർമ്മാണം | ജൂൺ - ആഗസ്റ്റ് | ഹിന്ദി അധ്യാപകർ. | |
| കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക. | വീട് ഒരു പഠനശാല.<br>ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പേരുകൾ ഹിന്ദിയിൽ പട്ടിക തയ്യാറാക്കുന്നു. | സെപ്റ്റംബർ- ഒക്ടോബർ | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാ വാനും സർഗാത്മക രചനകൾ വികസി പ്പിക്കാനും ഉള്ള അവസരം (സുരീലിഹിന്ദി) | ദിനാചരണങ്ങൾ (Spe. 14 – Jan. 10)<br>ക്ലാസ് ലൈബ്രറി<br>അധിക വായന സാമഗ്രികൾ<br>ചിത്രകഥകൾ<br>അടിക്കുറിപ്പ്<br>കഥാപറയൽ<br>ഹിന്ദി ക്ലബ്. | 1 വർഷം | ഹിന്ദി അധ്യാപകർ. | |

## LP അറബിക്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനശേഷി വർദ്ധിപ്പിക്കുക. | വായനാ സാമഗ്രികൾ ശേഖരിക്കൽ (കാർഡുകൾ, പുസ്തകങ്ങൾ)<br>ചിത്ര വായന<br>ആശയാവതരണം<br>തുടർവായന. | ജൂൺ-മാർച്ച് | അധ്യാപകർ | SRG<br>PTA |
| ആശയവിനിമയ ശേഷി വളർത്തുക. | സംഭാഷണം, ഭാഷാകളികൾ<br>പദപ്പയറ്റ് കാർട്ടൂൺ | | | |
| രചനാശേഷി മെച്ചപ്പെടുത്തുക. | കയ്യെഴുത്തുമാസിക<br>ചിത്രകഥാ നിർമ്മാണം രചനാമത്സരങ്ങൾ, ചുവരിലകൾ നിർമ്മാണം. | ജൂലൈ-ജനുവരി | " | PTA. |
| ഭാഷാഭിരുച്യം വളർത്തുക. | ദിനാചരണങ്ങൾ ക്ലബ്ബ് പ്രവർത്തനം<br>അറബിക് ടാലന്റ് ടെസ്റ്റ്. | ജൂൺ-മാർച്ച് | " | SMC. |

## UP അറബിക്.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| വായന മെച്ചപ്പെടുത്തുക. | വായനാ സാമഗ്രികൾ ഉപയോഗപ്പെടുത്തിക്കൊണ്ട് മത്സരങ്ങൾ.<br>സചിത്രനോട്ട് ബുക്ക് നിർമ്മാണം. | ജൂൺ - ഡിസംബർ | അധ്യാപകർ | |
| ഭാഷാ ആഭിമുഖ്യം വർദ്ധിപ്പിക്കുക. | ചിത്രകഥകൾ കാർട്ടൂൺ തുടങ്ങിയവ ഉപയോഗപ്പെടുത്തുക. | ആഗസ്റ്റ് ഡിസംബർ | ,, | |
| ഭാഷാ വിനിമയ ശേഷി വർദ്ധിപ്പിക്കുക | ദൈനംദിന പ്രവർത്തനങ്ങളും ആശയ വിനിമയങ്ങളും ഈ ഭാഷയിൽ കൂടി നടത്തുക.<br>സംഭാഷണങ്ങളും നാടകങ്ങളും കൂടുതൽ കേൾക്കുക. | ജൂൺ - മാർച്ച് | ,, | |
| ലളിതമായ വാക്യങ്ങൾ വായിക്കാൻ പ്രാപ്തരാക്കുക | • ലൈബ്രറി വായന<br>• ചിത്രകഥാവായന<br>• വീട്ടുവായന<br>• ക്ലാസ് വായന<br>• ഇ-വായന | ജൂൺ - മാർച്ച് | | |

## പദ്ധതി വിശകലനങ്ങൾ · ഭൗതികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹൈടെക് ക്ലാസ് മുറികൾ. | സ്കൂളിലെ മുഴുവൻ ക്ലാസ് മുറികളും ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തുക. | | | |
| സ്കൂൾ അങ്കണം കട്ട പതിപ്പിക്കൽ | അങ്കണം ഇന്റർലോക്ക് ചെയ്ത് കട്ടകൾ പതിച്ച് മനോഹരമാക്കൽ. | | | |
| ലാബുകളുടെ വികസനം. | ലാബുകൾക്കാവശ്യമായ പ്രത്യേകം മുറികൾ. | | | |
| കൊടിമരം അടിത്തറ നിർമ്മാണം. | കൊടിമരത്തിന് മോടികൂട്ടി നിർമ്മിക്കുക. | | | |
| ശുചീകരണ തൊഴിലാളി നിയമനം. | സ്കൂളും പരിസരവും ശുചിയാക്കാൻ ആവശ്യത്തിന് തൊഴിലാളികളുടെ നിയമനം. | | | |

# ഉപസംഹാരം.

ദീർഘവീക്ഷണത്തോടെ കൂടി ആസൂത്രണം ചെയ്ത് വേണം ഏതൊരു പദ്ധതിയും വിജയിപ്പിക്കാൻ. കാലോചിതമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക എന്നത് ഏതൊരു വിദ്യാലയത്തിന്റെയും പ്രഥമകർത്തവ്യങ്ങളിൽ ഒന്നു മാത്രം. ഈ രൂപരേഖയിൽ പരാമർശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ കുട്ടികളുടെ അക്കാദമികവും സാമൂഹികവും വ്യക്തിപരവുമായ വളർച്ചയ്ക്ക് ഉതകുന്നതാണെന്ന് കാര്യത്തിൽ സംശയമില്ല.

പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്താൻ ദീർഘവീക്ഷണത്തോടെ, ബഹുജന പങ്കാളിത്തത്തോടുകൂടിയ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി പൊതുസമൂഹത്തിനും, ഭാവിതലമുറയ്ക്കും ഏറെ പ്രയോജനപ്പെടുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.